بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*13 April 2012 ~ 20 Jamadul Awwal 1433 Hijri*

**ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)**

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ടുബാഗോ, ട്രിനിടാട്, ഇന്ത്യ, സമീപ പ്രദേശങ്ങളായ ദ്വീപുകൾ തുടങ്ങിയ രാജ്യങ്ങളുടെ പേരുകൾ എടുത്തു പറഞ്ഞു കൊണ്ട് ഭൂമുഖത്തുള്ള തന്റെ അനുചരന്മാർക്കെല്ലാം, സമാധാനാശംസകൾ അർപ്പിച്ച ശേഷം സഹ്രത്ത് മുഹ്യിദ്ദീൻ തശഹ്ഹുദ്, തഅവ്വദ്, സൂറ അൽഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, സർവ്വശക്തനായ അല്ലാഹു വീണ്ടും എനിക്കൊരവസരം തന്നിരിക്കുന്നു. കഴിഞ്ഞാഴ്ചയിൽ പ്രസംഗിച്ച അതേ വിഷയത്തെ ആസ്പദമാക്കി ഇന്നത്തെ ഖുത്തുബ(സ) തുടരുവാൻ........ ആയിഷ(റ) റിപ്പോർട്ട് ചെയ്ത ഹദീസ് ഞാൻ നിങ്ങളുടെ മുമ്പാകെ വെയ്ക്കുകയാണ്. അല്ലാഹുവിന്റെ ദൂതൻ വീട്ടിൽ വന്നു, അദ്ദേഹത്തിന്റെ അനുഗ്രഹീതവദനത്തിൽ നിന്നും എന്തോ കുഴപ്പമുണ്ടെന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു.അദ്ദേഹം ഒന്നും മിണ്ടിയില്ല. അംഗശുദ്ധി വരുത്തിയ ശേഷം അദ്ദേഹം നേരെ പള്ളിയിലേക്ക് പോയി. ഞാൻ (ആയിഷ) പള്ളിയുടെ ഭിത്തിയുടെ സമീപം പോയി നിന്നു. അദ്ദേഹം എന്താണ് പറയുന്നതെന്നറിയാൻ. അല്ലാഹുവിന്റെ ദൂതൻ(സ) പ്രസംഗ പീഠത്തിൽ കയറി നിന്നും, അല്ലാഹുവിനെ സ്തുതിച്ചശേഷം, അദ്ദേഹം പറഞ്ഞു. ''അല്ലയോ മുസ്ലിംകളെ അല്ലാഹു(ത)നിങ്ങളോട് കല്പ്പിച്ചിരിക്കുന്നു. നന്മ കല്പ്പിക്കുവാനും തിന്മ തടയുവാനും, അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഒരു സമയം വരും നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിച്ചാൽ അവൻ മറുപടി തരില്ല. അവനിൽ(അല്ലാഹുവിൽ) നിന്ന് നിങ്ങൾ ഒരു ആനുകൂല്യം ആവശ്യപ്പെട്ടാൽ അതു ലഭിക്കില്ല, നിങ്ങൾ അവനോട് സഹായം അർത്ഥിച്ചാൽ അത് നിരസിക്കപ്പെടും ''–തർഗിബ്

അബൂഹുറൈറ(റ) റിപ്പോർട്ട് ചെയ്ത മറ്റൊരു പ്രവാചക വചനത്തിൽ **''പരലോകത്തെക്കാൾ, ഇഹലോകത്തിന് എന്റെ സമുദായം പ്രാധാന്യം നല്കുമ്പോൾ ബഹുമതിക്കുള്ള ഒരു ഉറവിടമായി ഇഹലോകത്തെ അവർ പരിഗണിക്കുമ്പോൾ, ദൈവഭയവും, ഇസ്ലാമിന്റെ വിലയും, അവരുടെ ഹൃദയങ്ങളിൽ നിന്ന് അപ്രത്യക്ഷമാകും. നന്മ കലിപ്പിക്കുന്നതും തിന്മ നിരോധിക്കുന്നതും, നിങ്ങൾ നിർത്തുമ്പോൾ, ദൈവീക വെളിപാടാകുന്ന അനുഗ്രഹം നിങ്ങളിൽ നിന്നും എടുത്തു മാറ്റപ്പെടും. ഓരോരുത്തരും പരസ്പരം വിമർശനങ്ങൾ അഴിച്ചു വിടും. അങ്ങനെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിങ്ങൾ അപമാനിതരായത്തീരും''.(ഹക്കീം)**

ആയതിനാൽ, മുകളിൽ പറയപ്പെട്ട നിങ്ങളുടെ മുമ്പാകെ വെയ്ക്കപ്പെട്ട, രണ് ട് പ്രവാചക വചനങ്ങൾ, വ്യക്തമാക്കുന്നത് ജീവിതത്തിൽ പ്രവർത്തി പഥത്തിൽ കൊണ്ടു വരേണ്ട ഈ കാര്യങ്ങൾ, ഈ സന്ദേശം നിങ്ങൾ ഉപേക്ഷിക്കുമ്പോൾ,(അതായത് നന്മ കല്പ്പിക്കുകയും തിന്മ നിരോധിക്കുകയും ചെയ്യുക എന്നത്) മുസ്ലിംകളുടെ മേൽ അല്ലാഹുവിന്റെ ശാപവും, അതൃപ്തിയും, കോപവും വർഷിക്കുന്നതിനുള്ള പ്രഥമ കാരണങ്ങളിൽപ്പെട്ടതാണ് എന്നത് ഒരു സത്യ വസ്തുതയാണ്.

ഇതരസമുദായങ്ങളെ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിക്കേണ്ട ഏറ്റവും മഹത്തായ ഉത്തരവാദിത്വം ലഭിച്ചിട്ടുള്ള മുസ്ലിംകളുടെ അവസ്ഥ, അതായത് മുഹമ്മദ് മുസ്തഫാ(സ) യുടെ സമുദായത്തിന്റെ അവസ്ഥ വളരെ ശോചനീയം. അവർ സ്വയം തന്നെ ദൈവീക കല്പനകളിൽ നിന്നും പിന്തിരിഞ്ഞു പോയിരിക്കുന്നു. നന്മ കല്പ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നതിനു പകരം നന്മ വിരോധിക്കുകയും തിന്മ കല്പ്പിക്കുകയും ചെയ്യുന്നു. മുസ്ലിംകളുടെ അധ:പതനത്തിനുള്ള ഏറ്റവും വലിയ കാരണവും ഇതു തന്നെയാണ്. കാരണം അവർ പരലോകത്തിനെക്കാൾ ഇഹലോകത്തിന് പ്രാധാന്യം നല്കിയിരിക്കുന്നു. തന്റെ മുസ്ലിം സഹോദരങ്ങളെ വിമർശിക്കുന്നതിൽ ഓരോ മുസ്ലിംമും വ്യാപൃതരാണ്. അതിൽ അവർ സന്തുഷ്ടരുമാണ്. തങ്ങൾക്കിഷ്ടപ്പെടാത്തവരുടെ മേൽ അവർ സാമൂഹിക ബഹിഷ്കരണം പ്രഖ്യാപിക്കുന്നു. അവരോട് സലാം പോലും പറയരുത് എന്ന് 'ഫത്വ' പുറപ്പെടുവിക്കുന്നു. മുസ്ലിം സഹോദരന്മാരുടെയും, സഹോദരിമാരുടെയും, ഹൃദയങ്ങളിൽ അവർക്കെതിരിലുള്ള ഈ 'ഫത്വ' ശത്രുത സൃഷ്ടിക്കുന്നു.മറ്റുള്ളവരുടെ വിശ്വാസത്തെ അവർ അളക്കുകയും വിധി കല്പ്പിക്കുകയും ചെയ്യുന്നു. ആരാണ് യഥാർത്ഥ മുസ്ലിം? ആരാണ് യഥാർത്ഥ മുസ്ലിം അല്ലാത്തത്? (തീരുമാനിക്കുന്നവർ അവരാണ്) തങ്ങളുടെ സഹോദരങ്ങൾ ഹജ്ജ് നിർവഹണത്തിന് പോകുന്നതിനെ അവർ വിലക്കേർപ്പെടുത്തുന്നു.

നമസ്കാരത്തിനു വേണ്ടി '' അസാൻ'' നല്കുന്ന മുസ്ലിം സഹോദരങ്ങളെ അവർ ആക്രമിക്കുന്നു.നമസ്കരിക്കുകയും ഇസ്ലാമിക വിശ്വാസം വെച്ചു പുലർത്തുകയും ചെയ്യുന്ന സഹോദരങ്ങളെ കൊല്ലാകൊല ചെയ്യുന്നു. (ആരാധനയ്ക്ക് അർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്നു പറയുന്നവരെ) 2010 മെയ് മാസത്തിലെ ഒരു വെള്ളിയാഴ്ച പാക്കിസ്ഥാനിലെ രണ്ടു പള്ളികളിൽ ജുംആ നമസ്കാരം നടക്കുമ്പോൾ, മുസ്ലിം സഹോദരന്മാരെയും, സഹോദരിമാരെയും വെടി ഉതിർത്ത സംഭവം നാം മറന്നു പോകരുത്. ഇതാണോ? ''നന്മ കല്പ്പിക്കുകയും'', ''തിന്മ നിരോധിക്കുകയും'' ചെയ്യുക എന്നു പറയുന്നത് ഇതാണോ? ഇതര മുസ്ലിം സഹോദരങ്ങളെ വിമർശിക്കുന്നതിന് ഈ മുല്ലാക്കൾ വളരെ വലിയ റാലികൾ സംഘടിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. ദൗർഭാഗ്യകരമെന്നു പറയട്ടെ ഇതു തന്നെ ഇന്ന് അഹ്മദിയ്യാ പ്രസ്ഥാനത്തിലും കാണുന്നു. തിന്മ കല്പ്പിക്കുകയും നന്മ തടയുകയും ചെയ്യുക എന്നത് അവരിലും ഒരു നിർബന്ധ കാര്യമായതു പോലെ ആയിത്തീർന്നിരിക്കുന്നു.നന്മ കല്പ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്നത് അവരിലും അപ്രത്യക്ഷമായിരിക്കുന്നു.

നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വന്ന ഈ രണ്ടുപ്രവാചക വചനങ്ങൾ ഇതുപോലെ, ഇതേ വിഷയത്തിൽ, മറ്റനേകം പ്രവാചക വചനങ്ങളുണ്ട്. അതുപോലെ വിശുദ്ധ ഖുർആനിലും ഇതേവിഷയം പ്രതിപാദിക്കുന്ന വചനങ്ങൾ ദർശിക്കുവാൻ സാധിക്കുന്നതാണ്. ദൗർഭാഗ്യവശാൽ നാം കാണുന്നത് അതായത് നന്മ കലിപ്പിക്കുകയും തിന്മ വിരോധിക്കുകയും, ചെയ്യുന്നതിൽ നിന്നും അവർ പിന്തിരിഞ്ഞു കളയുന്നതു മൂലം, ദൈവീക വെളിപാടുകളാകുന്ന ഏറ്റവും വലിയ അനുഗ്രഹത്തിൽ നിന്നും അല്ലാഹു തിരഞ്ഞെടുത്ത അനുഗ്രഹത്തിൽ നിന്നും അവർ വുദൂരതയിലായിരിക്കുന്നു.അതുകൊണ്ടാണ് പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ) കല്പ്പിച്ചതും ഈ പ്രവർത്തിയെ വിശേഷിപ്പിച്ചതും. നന്മ കല്പ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്നത് ഇസ്ലാം മതത്തിന്റെ പ്രത്യേക അടയാളമാണ്. അടിസ്ഥാനവുമാണ്. ഈ അടിസ്ഥാന പ്രവർത്തിയെ നിങ്ങൾ ഉപേക്ഷിക്കുമ്പോൾ, ഇസ്ലാമിക അധ്യാപനത്തിന്റെ അധ:പതനവും അപ്രത്യക്ഷമാകലും,സംഭവിക്കുന്നു.

നന്മ അപ്രത്യക്ഷമാകുമ്പോൾ, അവിടെ തിന്മ പ്രത്യക്ഷപ്പെടുന്നു, സ്നേഹം അപ്രത്യക്ഷമാകുമ്പോൾ, അവിടെ വെറുപ്പ് പ്രത്യക്ഷമാവുന്നു. ഇസ്ലാമിന്റെ ഏറ്റവും വലിയ അറിവുള്ളവരാണ് എന്നു നടിക്കുന്ന നിങ്ങൾക്ക് നാണമില്ലേ– ഇസ്ലാമിന്റെ ഏറ്റവും വലിയ സംരക്ഷകരാണ് എന്നു അവകാശപ്പെടുവാൻ നിങ്ങൾക്ക് നാണമില്ലേ– അല്ലാഹുവിന്റെയും, അവന്റെ പ്രവാചക ശ്രേഷ്ടൻ മുഹമ്മദ് മുസ്തഫാ(സ) യുടെയും അധ്യാപനങ്ങളിൽ നിന്ന്, കല്പനകളിൽ നിന്ന് പിന്തിരിഞ്ഞു പോയവർ ഇവർ തന്നെയാണ്. ഒരല്പ്പമെങ്കിലും അഭിമാന ബോധം ഇവർക്കുണ്ടായിരുന്നുവെങ്കിൽ വിദ്വേഷരൂപത്തിൽ അവർ കള്ളക്കഥകൾ കെട്ടിച്ചമയ്ക്കുന്നു.**''എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് ''**എന്ന് കൊട്ടിഘോഷിക്കുന്നതിൽ എന്തു പ്രയോജനമാണുള്ളത്, എന്തൊരു കള്ളമാണ്, എന്തൊരു ചതിയും, വഞ്ചനയുമാണ്.

നിങ്ങൾ കാര്യമായി ചിന്തിച്ചിട്ടുണ്ടോ, സർവ്വശക്തനായ അല്ലാഹു തന്റെ വിനീതദാസന്റെ മേൽ ഇറക്കുന്ന ദിവ്യവെളിപാടുകൾ, ഇത്തരത്തിലുള്ള ആളുകൾക്ക് മാർഗ്ഗദർശകമായി, അവർ വിശ്വസിക്കുമെന്ന്, കരുതുന്നുവോ? ഞാൻ നേരത്തെ സൂചിപ്പിച്ച ''ഹദീതിൽ'' നിന്നും ഒന്നുകിൽ അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങൾ അംഗീകരിക്കുന്നതിനുള്ള ഈ പ്രകാശം അവർക്കു നല്കും. അല്ലെങ്കിൽ സർവ്വശക്തനായ അല്ലാഹു അവരെ അന്ധകാരത്തിൽ ഉപേക്ഷിക്കും, അങ്ങനെ അവർ അന്ധരായി നിലകൊള്ളുന്നതുമാണ്.

അല്ലാഹുവിൽ നിന്നും അവന്റെ ദൂതൻ മുഹമ്മദ് മുസ്തഫാ(സ) ൽ നിന്നും ലഭ്യമായ കല്പ്പനയും, നിർദ്ദേശവും അതായത് നന്മ കല്പ്പിക്കുകയും, തിന്മ നിരോധിക്കുകയും ചെയ്യുക എന്നത് സംശയലേശമന്യേ ഇസ്ലാമിന്റെ അടിസ്ഥാന സ്തംഭമാണ്. അതിലാണ് ബാക്കി വിശ്വാസ ശാഖകളെല്ലാം നിലകൊള്ളുന്നത്. നിശ്ചയമായും സർവ്വശക്തനായ അല്ലാഹു പ്രവാചകന്മാരെ നിയോഗിക്കുന്നത് ഇതേ സന്ദേശം നടപ്പിലാക്കുവാനാണ്. ഈ ജോലി നാം അവഗണിക്കുകയാണെങ്കിൽ, നിർത്തുകയാണെങ്കിൽ, നാം പറയേണ്ടി വരും, പ്രവാചകത്വും അത് ലക്ഷ്യമാക്കുന്നതും തെറ്റാണ്, അതിലൊരർത്ഥവുമില്ല. പിന്നെ അവശേഷിക്കുന്നത് മനുഷ്യന്റെ ബോധമനസ്സാണ്. അവരുടെ മുഖ്യധനമായി കണക്കാക്കാം. അതും അധ:പതിയുകയും മാർഗ്ഗഭ്രംശം നേരിടുകയും ചെയ്യും. മനസ്സ് അന്ധകാര പൂർണ്ണവും കട്ടിയുള്ളതുമായിത്തീരും. തിന്മയുടെയും ക്രൂരതയുടെയും വാതിൽ തുറക്കപ്പെടും. ഭൂവാസികൾ എങ്ങും സംസ്കാരശൂന്യരായിത്തീരും. മനുഷ്യന്റെ കണ്ടു പിടിത്തങ്ങളെല്ലാം അപകടകരമായിത്തീരും. ഇത് അവർക്ക് ഉപദ്രവത്തിന് കാരണമായിത്തീരും. മനുഷ്യബന്ധങ്ങളെല്ലാം വിച്ഛേദിക്കപ്പെടും. ലോകം അതിന്റെ നാശത്തിലേക്ക് നടന്നടുക്കും. ജനം ധാർമ്മികമായി അധ:പതിക്കും. എന്നാൽ അവർ ഇക്കാര്യത്തിൽ ശരിക്കും ബോധവാന്മാരായിരിക്കില്ല.

വിധിനാളിൽ അല്ലാഹുവിന്റെ സന്നിധിയിൽ, ഹാജരാക്കപ്പെടുമ്പോൾ, ഓരോരുത്തരും, തങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവാന്മാരാകും. അവർ ഓരോരുത്തരും തങ്ങളുടെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കേണ്ടിവരും. അവർ വളരെ വൈകിപ്പോയിരിക്കും. അവരുടെ വാക്കുകൾ ഇപ്രകാരം''ഞങ്ങളുടെ നാശമെ, ഞങ്ങളുടെ നാശമെ, ഞങ്ങൾ ഏതൊന്നിനെ ഭയന്നിരുന്നവോ അത് ഇതാ ഞങ്ങളുടെ കൺമുമ്പാകെ എത്തിയിരിക്കുന്നു. അല്ലാഹുവിന്റെ കല്പന ഖണ്ഡിതമായതാണ്''.(33:39)

അറിവിന്റെയും സന്മാർഗ്ഗത്തിന്റെയും, കോട്ടകൾ തകർന്നു വീണു. അറിവിന്റെ സ്വാധീനവും, സൗഭാഗ്യവും, പാർണ്ണമായും, തകർന്നടിഞ്ഞു. അതേ തുടർന്ന് ശത്രുതയും അപഖ്യാതിയും എല്ലായിടത്തും പരന്നു. തന്റെ ഹൃദയശ്രീകോവിലിൽ നിന്ന് താനും തന്റെ രക്ഷിതാവുമായുള്ള പരിശുദ്ധവും പരിപാവനവുമായ ബന്ധം അറ്റു. മറിച്ച് ജനങ്ങൾ മൃഗതുല്യരായി, ശരീരേച്ഛകളുടെ അടിമകളായി.

നിശ്ചയം, ഇക്കാലത്ത് യഥാർത്ഥ മുസ്ലിംകൾ വളരെ ചുരുക്കമായിരിക്കുന്നു. ഇസ്ലാം പ്രചരിപ്പിക്കുന്നതിൽ സർവ്വാത്മനാ ത്യാഗമനസ്ക്കരായവരെ കണ്ടെത്തുക എന്നത് അസാദ്ധ്യമായി തീർന്നിരിക്കുന്നു. ഈ ശോചനീയ ഇസ്ലാമിക അവസ്ഥക്കു മാറ്റം വരുത്തുവാൻ ഏതെങ്കിലും ഒരു മുസ്ലിം ആർജ്ജവം കാട്ടിയിരുന്നെങ്കിൽ, മതത്തെ വികലമാക്കിയിരിക്കുന്ന, മതത്തെ വീഴ്ചയിലാക്കിയിരിക്കുന്ന ഈ അവസ്ഥയിൽ അത്തരത്തിലുള്ള മുസ്ലിം, ഇസ്ലാമിനെ പ്രബോധിക്കുവാൻ സുന്നത്തിനെ ജീവിപ്പിക്കുവാൻ, ആവശ്യമായ ശ്രമത്തിലേർപ്പെട്ടിരുന്നുവെങ്കിൽ, അദ്ദേഹം മുന്നോട്ട് വന്ന്  ഈ ഉത്തരവാദിത്വം തന്റെ ചുമലുകളിൽ ഏറ്റെടുത്തിരുന്നുവെങ്കിൽ അദ്ദേഹത്തെ ജനങ്ങളിൽ വെച്ച് ഏറ്റവും പ്രഗത്ഭനും, മഹത്വമുടയവനുമായ ആളായി കണക്കാക്കപ്പെടുന്നതാണ്.

അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹത്താലും നന്മയാലും, നന്മയിലധിഷ്ഠിതമായ ഒരു ജീവിതം നയിക്കുവാൻ നമുക്കല്ലാം അല്ലാഹു അനുഗ്രഹം ചെയ്യട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അവന്റെ സ്നേഹമാകുന്ന ധനം നമുക്കെല്ലാം പ്രദാനം ചെയ്യട്ടെ. നമുക്ക് വേണ്ടി തിരഞ്ഞെടുത്ത ഇസ്ലാം മതത്തെ പിന്തുടരുവാനുള്ള അനുഗ്രഹം നമുക്കവൻ പ്രദാനം ചെയ്യട്ടെ. ഇസ്ലാമിനെ സമ്പൂർണ്ണ രീതിയിൽ എത്തിക്കുവാനുള്ള ശക്തിയും കഴിവും നല്കട്ടെ. മുഹമ്മദ് മുസ്തഫാ(സ) യുടെ തിരുസുന്നത്ത് ജീവിപ്പിക്കുവാനുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ. ആമീൻ.

*Translated & Issued by:* *R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam Kerala*

*Email: jamal.raother@gmail.com*

*Website: http://www.jamaat-ul-sahih-al-islam.com*